# CSI VHS & HSS FOR THE DEAF

**VALAKOM P.O., KOTTARAKARA**

**KOLLAM, PIN-691532**

**KERALA**

**2025-2026**

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. ലഘുചരിത്രം
4. കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ
10. മോണിട്ടറിംഗ് രീതി
11. ഉപസംഹാരം

# സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി

(പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം)

**സമഗ്ര വിദ്യാലയ വികസന രേഖ**

**സി എസ് ഐ വി എച്ച് എസ് &**

**എച്ച് എസ് എസ് ഫോർ ദി ഡഫ്**

**വാളകം**

കുട്ടികളുടെ സർവതോമുഖമായ വികാസത്തിന് അവസരങ്ങൾ ഒരുക്കി സമൂഹത്തിന്റെയും രാഷ്ട്രീയത്തിന്റെയും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കുമനുസരിച്ച് പൊതു വിദ്യാലയങ്ങളെ മാറ്റിയെടുക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പൊതു വിദ്യാലയ സംരക്ഷണ യജ്ഞം നമുക്കേവർക്കും അഭിമാനം നൽകുന്ന പദ്ധതിയാണ്. ഇതിൽ കേൾവിയും സംസാര വൈകല്യമുള്ള കുഞ്ഞുങ്ങൾ പഠിക്കുന്ന ഈ വിദ്യാലയത്തിനും ഭാഗമാകുവാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. പരിമിതികളുടെ മധ്യത്തിൽ വ്യത്യസ്ത ശേഷിക്കാരായ കുട്ടികൾക്ക് കൈത്താങ്ങായി പ്രവർത്തിക്കുവാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞങ്ങളുടെ വിദ്യാലയത്തിന്റെ വികസന പദ്ധതി ധ്വനി സമർപ്പിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- ഗുണമേന്മയുള്ള വിദ്യാഭ്യാസം – ഉറപ്പാക്കി ഭിന്നശേഷിയുള്ള വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക

- ഓരോ ഭിന്നശേഷിയുള്ള കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലകളിലുള്ള വികസനം– കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്നതലത്തിലെത്തിക്കുക.

- അക്കാദമിക് കാര്യങ്ങളിൽ പൂർണ്ണത സംഘടിക്കാൻ എന്തെല്ലാം ചെയ്യണം ? എന്നത് കൃത്യമായി ആസൂത്രണം ചെയ്യുക.

- വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക് വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുക.

- സ്കൂളിലെത്തിച്ചേരുന്ന എല്ലാ കുട്ടികളും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ– അന്തർദേശീയ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ പ്രാപ്തരാക്കുക.

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.

## സവിശേഷ ലക്ഷ്യങ്ങൾ

- പ്രീ-പ്രൈമറി വിദ്യാഭ്യാസം (2 വർഷം) എയ്ഡഡ് സ്കൂളുകളിൽ നിർബന്ധമാക്കുക.
- ശ്രവണ പരിമിതിയുള്ള കുട്ടികളുടെ സർവ്വോന്മുഖമായ വികസനത്തിനുതകുന്ന തരത്തിലുള്ള പാഠ്യപദ്ധതിയും ഭൗതികാക്ഷരീക്ഷവും തയ്യാറാക്കുക.
- പാശ്ചാത്യ രാജ്യങ്ങളിലെപ്പോലെ ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ആവശ്യമായ സഹായങ്ങൾ സർക്കാരിൽ നിന്നും ഉറപ്പാക്കുക.
- കുട്ടികളുടെ മികവിനനുസരിച്ച് ദേശീയ അന്തർദേശീയ തലത്തിൽ സാധ്യതകളും പുനരധിവാസവും കണ്ടെത്തുക.
- ശ്രവണ പരിമിതിയുള്ളവർക്ക് പാഠ്യപദ്ധതിക്കനുസൃതമായ ആഡിയോ-വിഷ്വൽ എയ്ഡഡ് തയ്യാറാക്കുക.
- ആധുനിക ശ്രവണ സഹായികളും ഡിജിറ്റലൈസ്ഡ് ടെക്സ്റ്റും ഓരോ കുട്ടിക്കും ഉറപ്പാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുക.

അധ്യായം 1

## ലഘുചരിത്രം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തില്ലെ VI-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു റസിഡൻഷ്യൽ വിദ്യാലയമാണ് സി.എസ്.ഐ.വി.എച്ച്.എസ് & എച്ച്.എസ്.എസ് ഫോർ ദി ഡഫ് വാളകം. കൊല്ലം ജില്ലയിൽ ബധിരർക്കുവേണ്ടിയുള്ള ഏകവിദ്യാലയമാണ് ഇത്.

1978 ൽ 7 കുട്ടികളും 5 സ്റ്റാഫ് അംഗങ്ങളുമായി ആരംഭിച്ച ഒരു സ്ഥാപനമാണിത്. ദക്ഷിണ കേരളമഹായിടവക (CSI) യിലെ ബിഷപ്പായിരുന്ന Rt.Rev.Dr.I. യേശുദാസൻ തിരുമേനിയുടെ പ്രത്യേക താൽപര്യവും ഉൾക്കാഴ്ച യുടെയും ഫലമായി ബധിരരായ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും ഉന്നമനവും ലക്ഷ്യമാക്കിയാണ് ഈ സ്ഥാപനം തുടങ്ങിയത്. ബഹുമാനപ്പെട്ട ശ്രീ.റോബിമശിഹാദാസ് സാറിന്റെ നേതൃത്വത്തിലും ചുമതലയിലുമാണ് ആ വിദ്യാലയം ആരംഭിച്ചത്. വിദ്യാലയം ആരംഭിച്ച വർഷം തന്നെ ഗവൺമെന്റ് ഇതിന് അംഗീകാരം നൽകിയെന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ബധിരരെ സമൂഹം തീരെ അവഗണിച്ചിരുന്ന ഒരു കാലഘട്ടത്തിൽ അവരും സമൂഹത്തിന്റെ ഭാഗമാണെന്നുള്ള ഉൾക്കാഴ്ചയോടെ ആരംഭിച്ച ഈ വിദ്യാലയത്തിന് ലഭിച്ച ഒരു വലിയ അംഗീകാരം ആയിരുന്നു അത്. ഇപ്പോൾ കൊല്ലം KTRA മഹായിടവകയുടെ കീഴിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ചെറിയ രണ്ട് ക്ലാസ് മുറികളുമായി ആരംഭിച്ച ഈ സ്കൂളിന് തുടർന്ന് KNH,CBM എന്നീ വിദേശ സംഘടനകളുടെ സഹായഫലമായി മനോഹരമായ കെട്ടിടങ്ങൾ സ്ഥാപിക്കുവാൻ കഴിഞ്ഞു. 1983 ൽ യു പിയ്ക്കും 1995 ൽ എച്ച് എസ് വിഭാഗത്തിനും 2000 ൽ +2 വിഭാഗത്തിനും ഗവൺമെന്റിൽ നിന്നും എയ്ഡഡ് പദവി കിട്ടി. വളരെ നാളത്തെ ശ്രമഫലമായി 200607 അധ്യയനവർഷം മുതൽ എസ്എസ്എ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ് ഇവ ലഭിക്കുവാനിടയായി. കഠിനപ്രയത്നത്തിലൂടെയും അനേകരുടെ അക്ഷീണ പരിശ്രമത്തിലൂടെയും ബധിരരും സമൂഹത്തിന്റെ ഭാഗമാണെന്നുള്ള ബോധം മറ്റുള്ളവരിൽ വളർത്തിയെടുക്കുവാനും ആയിരക്കണക്കിന് ബധിരരായ കുട്ടികൾക്കും അവരുടെ രക്ഷാകർത്താക്കൾക്കും ഒരു അത്താണിയാകുവാൻ കഴിഞ്ഞതും ഈ സ്ഥാപനത്തിന്റെ മുതൽക്കൂട്ടാണ്.

## കാഴ്ചപ്പാട്

1. പ്രീ പ്രൈമറി വിദ്യാഭ്യാസം

കേൾക്കുന്ന ശബ്ദങ്ങളെ അനുകരിച്ചാണ് നാം സംസാരിക്കാൻ ആരംഭിക്കുന്നത്. ശബ്ദങ്ങൾ കേൾക്കാൻ കഴിയാത്ത അവസ്ഥയെയാണ് നാം ബധിരത എന്നു വിശേഷിപ്പിക്കുന്നത്. കേൾക്കുന്നതും സംസാരിക്കുന്നതും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന പ്രക്രിയയാണ്. അതുകൊണ്ട് ശ്രവണ വൈകല്യം ബാധിച്ചകുട്ടി ഊമയായി മാറുന്നു. ബധിരത എത്രയും നേരത്തെ കണ്ടുപിടിക്കുകയും അതിനനുയോജ്യമായ പരിഹാരപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നത് ഇത്തരത്തിലുള്ള കുഞ്ഞുങ്ങളുടെ സംസാരശേഷി വികസിപ്പിക്കുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു.

ശ്രവണ വൈകല്യം (Hearing Impirement) സംസാരവൈകല്യ (Speech Impirement) ത്തിന് കാരണമാകുന്നു. അതിനാൽ ശ്രവണ വൈകല്യം ഉറപ്പുവരുത്തിയാൽ എത്രയും പെട്ടെന്ന് വൈകല്യത്തിന്റെ തോതനുസരിച്ച് ശ്രവണ സഹായി വയ്ക്കുകയും അതോടൊപ്പം സംസാരപരിശീലനം (Speech Thercapy) ശാസ്ത്രീയമായി നൽകുകയും വേണം.

പ്രീപ്രൈമറി വിദ്യാഭ്യാസം ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് നിർബന്ധമാക്കേണ്ടതാണ്. ബധിരരായ കുഞ്ഞുങ്ങളുടെ പഠനം മെച്ചപ്പെടുത്തുന്നതിനും സംസാരശേഷി വികസിപ്പിക്കുന്നതിനും കുട്ടികലിടെ അവക്ഷിപ്തശ്രവണം (Residual hearing) പരമാവധി പ്രയോജനപ്പെടുത്തുന്നതിനും പ്രീപ്രൈമറി വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്.

രണ്ടു വർഷത്തെ പ്രീപ്രൈമറി വിദ്യാഭ്യാസം ഭാഷയ്ക്ക് നല്ലൊരു അടിസ്ഥാനം ഇടുന്നതിന് സഹായിക്കും. ഭാഷാപുരോഗതിയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേകമായ പാഠ്യപദ്ധതി പ്രീപ്രൈമറി തലത്തിൽ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്.

1. ഏകീകൃത പാഠ്യപദ്ധതി

പ്രീപ്രൈമറി മുതൽ ഓരോ തലത്തിലും അടിസ്ഥാനപരമായി ഭാഷകൈവരിക്കത്തക്ക വിധത്തിൽ ഒരു ഏകീകൃത പാഠ്യപദ്ധതി ശ്രവണ വൈകൃമുള്ള കുഞ്ഞുങ്ങൾക്കായി തയ്യാറാക്കേണ്ടതാണ്.

പ്രീപ്രൈമറി, പ്രൈമറി തലങ്ങളിൽ ഭാഷയ്ക്ക് മുൻതൂക്കം നൽകികൊണ്ട് മറ്റ് തലങ്ങളിലേക്ക് കുട്ടികൾ എത്തുമ്പോൾ ഏവരുടെ ആശയം പ്രകടമാക്കുവാൻ ആംഗ്യഭാഷയും കൂടി പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ വിദ്യാഭ്യാസം നൽകേണ്ടത് ആവശ്യമാണ്. അതിനാൽ ഒരു ഏകീകൃത ആംഗ്യഭാഷ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

പുതിയ പാഠ്യപദ്ധതി പ്രകാരമുള്ള സിലബസ് ശ്രവണ വൈകൃമുള്ള കുട്ടികളെ സംബന്ധിച്ച് അവർക്ക് ഉൾക്കൊള്ളുവാൻ കഴിയുന്നതിലും അപ്പുറമാണ്. സ്പെഷ്യൽ സ്കൂളിൽ എത്തുന്ന കുട്ടികളിൽ നല്ലൊരു ശതമാനവും ആയിട്ടുള്ളവരാണ്. അവരിൽ ഭൂരിഭാഗവും യാതൊരു ശബ്ദത്തിനും പ്രതികരിക്കാൻ കഴിവില്ലാത്ത വരുമായിരിക്കും. പലപ്പോഴും അക്ഷരങ്ങൾ നോക്കി വാക്കുകൾ തിരിച്ചറിയുവാൻ ശ്രമിക്കുന്നവരുമാണ്. ഇവരിൽ പാഠ്യപദ്ധതിയിലെ ആശയങ്ങൾ നാം എത്തിക്കുവാൻ ശ്രമിക്കുന്നത് പലപ്പോഴും നിരാശാജനകമാണ്. അവരുടെ കഴിവിനപ്പുറം നൽകുന്ന ആശയങ്ങൾ കുട്ടികളിൽ പഠനത്തിനോടുതന്നെ വിരക്തി ഉണ്ടാക്കുവാൻ കാരണമാകുന്നു. ഇത് അവരിൽ അക്കാദമിക നിലവാരം കുറയുവാൻ കാരണമാകുന്നു. അതിനാൽ ഇവർക്കായുള്ള പാഠ്യപദ്ധതി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

### 3. മൂല്യനിർണയവും വിലയിരുത്തലും

ഭാഷാവൈകല്യം ഉള്ളതിനാൽ പല ആശയങ്ങളും ഭാഷാപരമായി മനസ്സിലാക്കുവാനും എഴുതി പ്രകടിപ്പിക്കുവാനും ശ്രവണ വൈകല്യമുള്ള കുഞ്ഞുങ്ങൾക്ക് കഴിയാതെ വരുന്നു. അതിനാൽ പഠനപ്രവർത്തനങ്ങൾ ഓരോ തലത്തിലും അവരുടെ നിലവാരമനുസരിച്ച് ആയിരിക്കണം. മൂല്യ നിർണ്ണയവും വിലയിരുത്തലും ബധിരരായ കുട്ടികളുടെ നിലവാരമനുസരിച്ച് ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്.

### 4. Mutiple Handicap

ബധിരതയോടൊപ്പം മറ്റു വൈകല്യമുള്ള കുട്ടികളും ഇന്ന് പഠനത്തിനായി സ്കൂളുകളിൽ എത്തുന്നു. ഉത്തരത്തിൽ മൾട്ടിപ്പിൾ ഹാന്റിക്യാപ് ഉള്ള കുട്ടികളെ അതിനാവശ്യമായ പരിശീലനം കൂടി അധ്യാപകർക്ക് നൽകേണ്ടതാണ്.

## കാഴ്ചപ്പാട് – ഭാവിയിൽ എങ്ങനെ ?

- ഭൗതിക അന്തരീക്ഷം – ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അനുയോജ്യവും ആകർഷവും സുരക്ഷിതവും സുന്ദരവും പ്രകൃതിക്കിണങ്ങുന്നതും ആക്കി മാറ്റുക.
- എല്ലാ ക്ലാസ് മുറികളും Hi-Tech ആക്കി മാറ്റുക.
- ഹരിത പരിസരവും പ്ലാസ്റ്റിക് രഹിത വിദ്യാലയവും ആക്കി മാറ്റുക.
- ചുറ്റുമതിൽ, പുറംഭിത്തി, അകം ഭിത്തി ഇവ പഠന മൂല്യമുള്ളതാക്കി മാറ്റുക.
- ആകർഷകമായ ഗേറ്റും, ആർച്ചും, വശത്തുകൂടി ശാരീരിക പരിമിതിയുള്ളവർക്കായി ചെറുവാതിൽ
- മലിനജലം അകത്തേക്ക് എത്താത്ത സംവിധാനം മഴക്കാല പ്രശ്നങ്ങൾ (വെള്ളക്കെട്ട്) പരിഹരിക്കാനുള്ള ക്രമീകരണം വേണം.
- വിശ്രമ പഠന മരത്തണലും മാലിന്യശേഖരണ സംസ്കരണ സംവിധാനം ഇവ ഒരുക്കുക.
- പ്രധാന കവാടങ്ങളിൽ പ്രവേശന നിയന്ത്രണം C C T V ക്യാമറ, സന്ദർശകർക്ക് രജിസ്റ്റർ, അഗ്നി സുരക്ഷാ സംവിധാനം, First Aid Room, പാർക്കിംഗ് ഏരിയ ഇവ ഉണ്ടാക്കുക.
- ടോയ്‌ലറ്റുകൾ - adapted, girls friendly ഓരോ നിലയിലും ഓരോ കെട്ടിടത്തിലും മാതൃകാപരമായി വേണം.
- മഴവെള്ള സംഭരണി, കിണർ റീ ചാർജ്ജിംഗ് സംവിധാനം ഇവ ഉണ്ടാക്കുക.

- കാറ്റും വെളിച്ചവും കടക്കുന്ന വൃത്തിയുള്ള ആധുനീകരിച്ച അടുക്കള, ബയോ ഗ്യാസ് പ്ലാന്റ് പാചക വൃത്തിൽ പരിശീലനം സിദ്ധിച്ച പാചക തൊഴിലാളികൾ, പ്രസിദ്ധീകരിച്ച മെനു ആധുനിക സൗകര്യമുള്ള സ്റ്റോർ മുറി, തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടാക്കുക.

- പൊതു സമ്മേളനം, അസംബ്ലി, കുട്ടികളുടെ കലാകായിക പ്രദർശനങ്ങൾ ഇവയ്ക്കുതകുന്ന തരത്തിലുള്ള വലിയ ഹാളുകൾ ഉണ്ടാക്കുക.

- കായിക പരിശീലനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ, ഉപകരണങ്ങൾ, വിശാലമായ സ്കൂൾ മൈതാനം.

- റിസോഴ്സ് റൂം, ഗ്യാലറി, ചരിത്രമ്യൂസിയം ഇവ ഉണ്ടാക്കുക.

## മാർഗ്ഗ നിർദ്ദേശങ്ങൾ ചുരുക്കത്തിൽ

- പ്രീ പ്രൈമറി വിദ്യാഭ്യാസം (2 വർഷം) നിർബന്ധമാക്കുക.
- പ്രീ പ്രൈമറി, പ്രൈമറി തുടങ്ങി ഓരോ തലത്തിലും അനയോജ്യമായ ഭാഷാ പാഠ്യപദ്ധതി തയ്യാറാക്കുക.
- ഓരോ തലത്തിലും അനുയോജ്യമായ പാഠ്യപദ്ധതി ഓരോ വിഷയത്തിനും തയ്യാറാക്കുക.
- അനുയോജ്യമായ ഓഡിയോ വിഷ്വൽ എയ്ഡ്സ് തയ്യാറാക്കുക.
- ആവശ്യമായ ആധുനിക ശ്രവണസഹായികൾ എല്ലാം കുട്ടികൾക്കും ലഭ്യമാക്കുക.
- പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി അധ്യാപക സഹായി തയ്യാറാക്കുക.
- സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കായി പ്രത്യേക പരിശീലനം സംഘടിപ്പിക്കുക. (വർക്ക്ഷോപ്പുകൾ, സെമിനാറുകൾ etc)
- സാധാരണ കുട്ടികൾക്ക് നൽകുന്ന ഇവാല്യുവേഷൻ ടെക്നിക് മാറ്റ് ബധിരരായ കുട്ടികളുടെ നിലവാരമനുസരിച്ചുള്ളവ ക്രമീകരിക്കുക.
- പഠനപ്രവർത്തനങ്ങൾ കുട്ടികളുടെ നിലവാരമനുസരിച്ച് തയ്യാറാക്കുക.
- ഒരു ഏകീകൃത ആംഗ്യഭാഷ രൂപീകരിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാലനുസൃതമായി പരിഷ്കരിക്കുക.
- സർക്കാർ സ്കൂളുകൾക്ക് നൽകുന്ന സഹായങ്ങൾ (സ്മാർട്ട് ക്ലാസ്റൂം, ഹിയറിംഗ് എയ്ഡ്സ് etc ) മുതലായവ ഈ സ്കൂളുകൾക്കും നൽകുക.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1) 25/04/2025 ൽ നടന്ന SRG യോഗത്തിൽ സ്കൂൾ വിഷൻ

2) വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം – അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3) കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, SDC രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ  അവതരിപ്പിക്കൽ

4) ശില്പശാലയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5) PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## സ്കൂളിനെക്കുറിച്ചുള്ള വിവരങ്ങൾ

നിലവിലെ അവസ്ഥ

| | | |
|---|---|---|
| വിലാസം | : | സി.എസ്.ഐ വൊക്കേഷണൽ<br>ഹൈസ്കൂൾ & ഹയർ സെക്കന്ററി സ്കൂൾ<br>ഫോർ ദ ഡഫ്, വാളകം, കൊട്ടാരക്കര,<br>കൊല്ലം 691532 |
| റവന്യൂ ജില്ല | : | കൊല്ലം |
| പഞ്ചായത്ത് | : | ഉമ്മന്നൂർ |
| നിയോജക മണ്ഡലം | : | കൊട്ടാരക്കര |
| പ്രദേശത്തിന്റെ സ്വഭാവം | : | റൂറൽ |
| സ്കൂൾ വിവരം | : | എൽ.പി, യു.പി, എച്ച്.എസ്,<br>എച്ച്.എസ്.എസ് എന്നിവ ഉണ്ട് |
| സ്കൂൾ വിവരം | : | മിക്സഡ്<br>(ആൺകുട്ടികലും പെൺകുട്ടികളും ഉണ്ട്) |
| മാനേജ്മെന്റ് | : | സി.എസ്.ഐ കൊല്ലം – കൊട്ടാരക്കര<br>മാനേജ്മെന്റ് (എയ്ഡഡ്) |

## നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം – നേട്ടങ്ങൾ (2023)

- SBI Life Insurence (CSR project 2017) 2,15000/- രൂപ രണ്ടു ക്ലാസ് മുറികൾ smart class room ആക്കുന്നതിനുള്ള സഹായം നൽകുകയും, ടൈൽസ് പാകി class room ക്രമീകരിക്കുകയും ചെയ്തു.
- LP ക്ലാസിനുവേണ്ട ഡെസ്ക്കും കസേരയും ആധുനിക രീതിയിൽ SBIയുടെ സഹായത്തോടെ നിർമ്മിച്ചു.
- രണ്ടു ക്ലാസ് മുറികൾ അധ്യാപകരുടെ സഹായത്തോടെ ടൈൽസ് പാകി വൃത്തിയാക്കി.
- നക്ഷത്ര ദ്വേപം (13 വയസ്സ്) തന്റെ ബുക്ക് പബ്ലിഷ് ചെയ്ത 75,000/– രൂപ LPക്ലാസ് നവീകരണത്തിന് നൽകി. (Paining, Furniture, teachning aids)
- Residential School ആയതുകാരണം ആൺകുട്ടികൾക്കും പെൺകുട്ടി കൾക്കും പ്രത്യേകം Hostel സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.
- School ന്റെ ആരംഭത്തിൽ നിർമ്മിച്ച ഹോസ്റ്റൽ, പാചകപ്പുര ഇവയുടെ അറ്റകുറ്റപ്പണികൾ ചെയ്തു, അടുക്കളയ്ക്കാവശ്യമായ പാത്രങ്ങൾ, മിക്സി, ഗ്യാസ് കണക്ഷൻ, ഫ്രിഡ്ജ് തുടങ്ങിയവ വാങ്ങി.
- School paint ചെയ്തു.
- L P Section നുവേണ്ടി Rotary Club ന്റെ സഹായത്താൽ കുട്ടികളുടെ park രൂപീകരിച്ചു.
- Kite -8 Hi-tech class room ലേയ്ക്കുള്ള ഉപകരണങ്ങൾ നൽകി.
- Hostel Painting നവീകരണവും നടത്തി
- നല്ലപാഠം കൃഷിമുറ്റം പദ്ധതിക്ക് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം സമ്മാനം കരസ്ഥമാക്കി. Seed ന് ജില്ലാതലത്തിൽ സമ്മാനം ലഭ്യമായി.

ഭൗതികം – പരിമിതികൾ

- സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ പഠിക്കുന്നതു കാരണം രക്ഷകർത്താക്കളിൽ നിന്നും സാമ്പത്തിക സഹായം സഹായം ലഭ്യമല്ല.

- Residential School ആയതുകൊണ്ട് സൗകര്യത്തിൽ പരിമിതികളുണ്ട്. നല്ല കെട്ടിടം, അലമാര, തറ, ടൈൽസ് ചെയ്തത്, കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഇവ നിർമ്മിക്കേണ്ടതായിട്ടുണ്ട്.

- ആകർഷമായ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

- കളിസ്ഥലം, Park എന്നിവ പുനഃക്രമീകരിക്കേണ്ടതുണ്ട്.

## നേട്ടങ്ങൾ

* മാതൃഭൂമി നന്മ ക്ലബിന്റെ നേതൃത്വത്തിൽ 100 ൽ പരം പ്രവർത്തനങ്ങൾ നടത്തി. ഭവനദാനം, വികാംഗർക്ക് മുച്ചക്ര വാഹനം ഉൾപ്പെടെയുള്ള സഹായം, ആരോഗ്യ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, രക്ഷാകർത്താക്കൾക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി തയ്യൽ യൂണിറ്റ്, ജൈവപച്ചക്കറികൃഷി വൈദ്യസഹായങ്ങൾ, അശരണർക്കും രോഗികൾക്കും സാമ്പത്തിക സഹായങ്ങൾ, പാലിയേറ്റീവ് യൂണിറ്റിനുള്ള സഹായങ്ങൾ, നിർധനരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായങ്ങൾ മുതലായ അനേകം പ്രവർത്തനങ്ങൾ ഇതിലുൾപ്പെടുന്നു.

* SSLC പരീക്ഷയിലും +2 തലത്തിലും മികച്ച വിജയം കൈവരിച്ചു വരുന്നു. state award 1st ലഭിച്ചു.

* +2 വിഭാഗത്തിൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്, കോമേഴ്സ് വിഭാഗങ്ങൾ പ്രവർത്തിക്കുന്നു.

* ബധിര വിദ്യാർത്ഥികൾക്കനുയോജ്യമായ speech therapyയും speech development programme ഉം നടത്തി വരുന്നു. വിദ്യാർത്ഥികൾക്ക് കലാകായിക പ്രവൃത്തി പരിചയമേളയിൽ വിദഗ്ദ പരിശീലനം നൽകി വരുന്നു.

* ബധിര കായിക മേളയിൽ ഈ വർഷം വിദ്യാർത്ഥികൾക്ക് സംസ്ഥാന ദേശീയ തലങ്ങളിൽ വരെ പങ്കെടുക്കാൻ കഴിഞ്ഞു.

* പച്ചക്കറി കൃഷി (2023) state award 2nd.

* നല്ലപാഠം ജില്ലാതലത്തിൽ 2–ാം സ്ഥാനം കരസ്ഥമാക്കി.

* കൃഷിമുറ്റം സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. അനുമോദനമായി കൃഷി മന്ത്രി 10000/- രൂപ ഗ്രീൻ ലൈബ്രറിക്കു വേണ്ടി നൽകുകയുണ്ടായി.

## പരിമിതികൾ

- ഭൂരിപക്ഷം വിദ്യാർത്ഥികളും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽ നിന്നുള്ളവരാണ്. അതിനാൽ അവരിൽ നിന്നും സാമ്പത്തിക മായ പിന്തുണ വളരെ കുറച്ചു മാത്രമേ ലഭിക്കുന്നുള്ളു.

- ഭൗതികാന്തരീക്ഷവും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഭിന്നശേഷിക്കാർക്ക് ആവശ്യമായ പിന്തുണ സർക്കാരിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും വളരെ കുറച്ചു മാത്രമേ ലഭിക്കുന്നുള്ളു.

- ഇപ്പോൾ നിലവിൽ 8,9,10 ക്ലാസുകളിൽ മാത്രം പഠിപ്പിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളായ Plumbing & Engineering, Drawing, Printing & Composing കാലാനുസൃതമായി നവീകരിക്കപ്പെടുന്നില്ല.

- പ്ലസ്–ടു തലത്തിൽ നാളിതുവരെ ഹയർ സെക്കന്ററി വിഭാഗം കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ലഭിക്കത്തക്ക രീതിയിൽ ഹോസ്റ്റൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. സ്കൂൾ സമയം കഴിഞ്ഞ് ഇവരെ സംരക്ഷിക്കുവാൻ മേട്രൻമാരെ നിയമിക്കേണ്ടതത്യാവശ്യമാണ്. ഇപ്പോൾ മാനേജ്മെന്റ് നിയമിച്ചിരിക്കുന്ന താത്കാലിക ജീവനക്കാരാണുള്ളത്.

- ഗവൺമെന്റ് Inclusive Education പ്രോത്സാഹിപ്പിക്കുന്നതിനാൽ എല്ലാത്തരം കുട്ടികളെയും സാധാരണ സ്കൂളിൽ ചേർത്ത് പഠിപ്പിക്കാമെന്ന സ്ഥിതി വന്നതിനാൽ Special -school കളിൽ കുട്ടികൾ കുറഞ്ഞു വരുന്നു. എന്നാൽ സാധാരണ സ്കൂളുകളിൽ നിന്നും വരുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ലഭിക്കാത്തതിനാൽ അക്ഷരംപോലും പഠിക്കാതെ വരുന്ന രീതിയാണുള്ളത്.

- സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യം പല കാരണങ്ങളാൽ ഒരു പരിധിവരെ മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളു.

## അധ്യാപകർ അനധ്യാപകർ

ശ്രവണ പരിമിതിയുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

<u>അധ്യാപകരുടെ എണ്ണം</u>

| | | |
|---|---|---|
| 1 മുതൽ 10 വരെ | : | 15 |
| ഹയർ സെക്കണ്ടറി | : | 10 |
| ടെക്നിക്കൽ | : | 3 |
| സ്പെഷ്യൽ ടീച്ചേഴ്സ് | | |
| ക്രാഫ്റ്റ് | : | 1 |
| കായികം | : | 1 |
| ഡ്രായിംഗ് | : | 1 |

<u>അനധ്യാപകർ (സ്കൂൾ തലം)</u>

| | | |
|---|---|---|
| ക്ലാർക്ക് | : | 1 |
| ഓഫീസ് അറ്റൻഡന്റ് | : | 1 |
| FTM | : | 1 |
| മേട്രൻ | : | 1 |
| ആയ | : | 1 |
| കുക്ക് | : | 4 |
| നൈറ്റ് വാച്ചർ | : | 1 |

<u>വിദ്യാർത്ഥികൾ</u>

| | | |
|---|---|---|
| 1 മുതൽ 10 വരെ | : | 32 |

## സമഗ്ര ഗുണമേന്മ വിദ്യാലയവികസന പദ്ധതിയിൽ

## പരിഗണിക്കാവുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷിവികസനം<br>• ഗണിതശേഷിവികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• വായനാ പരിപോഷണം<br>• ലൈബ്രറിശാക്തീകരണം<br>• ജൈവവൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• കലാ-കായികമേള<br>• ഐ ടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ് പി.ടി.എസജീവമാക്കൽ<br>• പ്രവൃത്തി പരിചയപഠനം<br>• ഒന്നാം ക്ലാസ്സ്ഒന്നാംതരം<br>• എസ്.ആർ.ജിശാക്തീകരണം<br>• ശാസ്ത്രാഭിരുചിവളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ഒറിഗാമിശില്പശാല<br>• ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• ഭാഷാലാബ്<br>• ടേംമൂല്യനിർണ്ണയം, നിരന്തരവിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം | • ചുറ്റുമതിൽഗേറ്റ്<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ക്ലാസ്മുറികൾ<br>• ഓഫീസ്മുറി<br>• സ്റ്റാഫ്മുറി<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ്ഹാൾ<br>• മാലിന്യസംസ്കരണം<br>• ടോയ്‌ലറ്റ്<br>• ഔഷധ സസ്യത്തോട്ടം<br>• ജൈവപച്ചക്കറിത്തോട്ടം | • പി ടി എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി.<br>• എസ്.സി.എം.സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയവികസന സമിതി<br>• പൂർവ്വവിദ്യാർത്ഥിസംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണസ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾഎന്നിവയുടെസേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ് പി.ടി.എമാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# LP Section

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : 4 – ാം ക്ലാസ്                                        ഉപവിഷയം : മലയാളം

**ലക്ഷ്യം** :– വിദ്യാർത്ഥികൾക്ക് ഭാഷയിൽ സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക

**പൊതു തന്ത്രങ്ങൾ :–**

1) കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പഠനം
2) സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
3) സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
4) സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
5) കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

1. **മധുരം മലയാളം (ഭാഷാപഠനം)**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | നിർവഹണകാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| | ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | |
| വായനശേഷി വളർത്തൽ | വായിക്കാം വളരാം | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |
| | ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം | | | |
| | വായനാക്കുറിപ്പ് ആസ്വാദന കുറിപ്പ് പുസ്തക സംവാദം | | CPTA | |
| എഴുത്ത് പരിപോഷിപ്പിക്കൽ | എഴുതാം തെളിയാം | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയശേഷി | | | |

| | | | | |
|---|---|---|---|---|
| | എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | |
| ലേഖനശേഷി വർധിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ | എഴുത്തുകാരുമായി സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | കണ്ടറിയാം കേട്ടറിയാം | ആവശ്യാനുസരണം | Class Teacher | PTA |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | തിരിച്ചറിയാം | വർഷത്തിലൊന്ന് | SRG, Class Teacher, PTA | |
| | ഭക്ഷ്യ മേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലെ സദ്യ | | | |
| സാഹിത്യകാരൻമാരെ അടുത്തറിയൽ, ഓർമ്മ ദിനങ്ങൾ ആചരിക്കൽ | ഓർക്കാം, അഭിമാനിക്കാം (സാഹിത്യകാരൻമാർ) | ആവശ്യാനുസരണം | SRS Class Teacher, CPTA | |
| | സാഹിത്യകാരൻമാരുടെ ജൻമചരമദിനങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി, പ്രദർശനം, പുസ്തക പരിചയം, ക്വിസ് ലഘു പ്രഭാഷണം, ജീവിത രേഖ, തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | കലക്കൂട്ട് | വർഷത്തിലൊന്ന് | HM, SRG, CPTA, Class teacher | PTA |
| | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | | |

| | | | | |
|---|---|---|---|---|
| | ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം സർഗോത്സവം കലാവതരണം, കലാ ഉപകരണങ്ങൾ, ചായങ്ങൾ, പ്രദർശനം | | | |
| | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | | HM | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : 3-ാം ക്ലാസ് ഉപവിഷയം : ഗണിതം

ലക്ഷ്യം :- 1) മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 100 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷി ഉറപ്പിക്കുക.

| ക്രമനമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| 1) | ജൂൺ | **നറുക്കെടുക്കാം**<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2) | ജൂലൈ | **10 ചങ്ങാതിമാർ**<br>• സംഖ്യ നറുക്കെടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നു വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം |
| 3) | ജൂൺ - സെപ്തംബർ | **പാറ്റേൺ പൂർത്തിയാക്കാം**<br>• വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ |
| 4) | ജൂൺ - ഓഗസ്റ്റ് | **ക്രമത്തിലാക്കാം**<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം, അവരോഹണക്രമം എഴുതുക. |

ലക്ഷ്യം :- 2) മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കുക.

| ക്രമനമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| 1) | ജൂൺ | **കൂട്ടങ്ങളാക്കാം**<br>• ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതാം.<br>• കളിനോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1, 10, 100 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2) | 2 ആഴ്ച | **സംഖ്യാ സൂര്യൻ**<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3) | ജൂൺ - സെപ്തംബർ | **ക്രമീകരിക്കാം**<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം |

ലക്ഷ്യം :- 3) മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| ക്രമനമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| 1) | ജൂലൈ - ഫെബ്രുവരി | മാന്ത്രികനെ കണ്ടെത്താം.<br>• അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 2) | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡി കണ്ടെത്താം.<br>• വിവിധക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ കണ്ടെത്താൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കള്ളിയിൽ ഒട്ടിക്കാം. |
| 3) | ജൂലൈ - മാർച്ച് | സംഖ്യാചക്രം<br>• സംഖ്യാചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, ഗുണനം, ഹരണം. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : നാലാം ക്ലാസ് — ഉപവിഷയം : ഇംഗ്ലീഷ് ഭാഷ

**ലക്ഷ്യം :-** നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക.

## പൊതുതത്വങ്ങൾ :-

1) കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പഠനം
2) സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
3) സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
4) സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
5) കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കും.

## വിരിയുന്ന പൂക്കൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| | അസംബ്ലിചേരൽ (നിയന്ത്രണം കുട്ടികൾക്ക്) | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ളശേഷി | ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ. ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ. ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് തിയേറ്റർ | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | | | |

| | | | | |
|---|---|---|---|---|
| സർഗാത്മകതാ രചനാശേഷി വികസനം | ഇംഗ്ലീഷ് മാഗസിൻ | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള മികവ് | ഇംഗ്ലീഷ് കൈയ്യെഴുത്ത് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ | | | |
| വായനാ പരിപോഷണം | ഇംഗ്ലീഷ് കോർണർ | രണ്ടാഴ്ചയിലൊന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച്, വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാക്കുറിപ്പ്- പുസ്തക പരിചയം | | | |
| | ഇംഗ്ലീഷ് ഫെസ്റ്റ് | | | |
| | വായനാ മത്സരം, രചന മത്സരം, മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല : അക്കാദമിക്** **ഉപവിഷയം : മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | നിർവഹണകാലം | ധനകാര്യ വിശകലനം |
|---|---|---|---|---|
| – എല്ലാ കുട്ടികൾക്കും മലയാള ഭാഷ വായിക്കുന്നതിനും, എഴുതുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുക. | – കുത്തുകൾ യോജിപ്പിച്ച് അക്ഷരങ്ങൾ പൂർത്തിയാക്കുക.<br>– അക്ഷരത്തിന് നിറം കൊടുക്കുക<br>– ISL അക്ഷരമാല ക്ലാസ്സിൽ പ്രദർശിപ്പിച്ച് അത് കുട്ടികളെ പരിശീലിപ്പിക്കുക.<br>– നിശ്ചിത അക്ഷരം കൊടുത്ത് പുസ്തകങ്ങളിൽ നിന്ന് ആ അക്ഷരത്തിൽ തുടങ്ങുന്ന വാക്കുകൾ കണ്ടെത്തി വട്ടം വരയ്ക്കുക. | മലയാള അധ്യാപകർ | 1വർഷം | |
| മലയാളം അനായാസം സംസാരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | – ഒരു ചിത്രം നൽകി അതിൽ കാണുന്നവയുടെ പേരുകൾ പറയുകയും, എഴുതുകയും ചെയ്യുകയും<br>– ലഘു കവിതകൾ ശേഖരിച്ച് ഈണത്തിൽ ചൊല്ലുക.<br><br>__പദകേളി__ : അക്ഷരക്കളം നൽകി അതിൽ നിന്ന് വാക്കുകൾ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുക. | അധ്യാപകർ | 1വർഷം | |
| പദസമ്പത്ത് | വീട്, വീട്ടിലുള്ളവർ, കുടുംബം, ഫാമിലി ട്രീ, ഫാമിലി ഫോട്ടോ, അടുക്കള ഉപകരണങ്ങൾ, ആഹാര സാധനങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | അധ്യാപകർ | 1വർഷം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമിക് ഉപവിഷയം : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | നിർവഹണകാലം | ധനകാര്യ വിശകലനം |
|---|---|---|---|---|
| – എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുന്നതിനും, എഴുതുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുക. | – ഇംഗ്ലീഷ് അക്ഷരമാല ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു.<br>– ഇംഗ്ലീഷ് അക്ഷരമാല finger spelling ലൂടെ ഉറപ്പിക്കുന്നു.<br>– നിശ്ചിത അക്ഷരവും അതിനോടു ചേർന്ന് വരുന്ന വാക്കും ചിത്രത്തിന്റെ സഹായത്തോടെ മനസ്സിലാക്കുന്നു.<br>– ഒരു അക്ഷരം വരുന്ന കുറെ വാക്കുകൾ കൊടുത്തിട്ട് പൊതുവായ അക്ഷരം കണ്ടെത്താൻ ആവശ്യപ്പെടുന്നു. | ഇംഗ്ലീഷ് ടീച്ചർ | 1വർഷം | |
| | – പിക്ചർ ചാർട്ട് (family, classroom, materials, colours part of the body, fruits, vegetables, food items, kitchen materials, നിത്യ ഉപയോഗ സാധനങ്ങൾ, ചാർട്ട് /ആൽബം ഉപയോഗിച്ച് കുട്ടികളെ മനസ്സിലാക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ | 1വർഷം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമിക് ഉപവിഷയം : കണക്ക്

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | നിർവഹണകാലം | ധനകാര്യ വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം ഉണ്ടാക്കുക. | – കുട്ടികൾ യോജിപ്പിച്ച് സംഖ്യകൾ കണ്ടെത്തുക. നിറം നൽകുന്നു. അക്കത്തിന് അനുസരിച്ച് വിവിധ വസ്തുക്കൾ എണ്ണി തിട്ടപ്പെടുത്തുന്നു.<br>– ചിത്രങ്ങൾ ഒട്ടിച്ച് എണ്ണൽ സംഖ്യകൾ എഴുതി ആൽബം നിർമ്മിക്കുന്നു. മുത്തുകൾ, മഞ്ചാടി, സ്ട്രാ എന്നിവ എണ്ണാൻ ഉപയോഗിക്കുന്നു.<br>– എണ്ണൽ സംഖ്യകൾ അക്ഷരത്തിലും എഴുതിക്കുന്നു.<br>– മുത്തുകൾ, കല്ലുകൾ എന്നിവ ഉപയോഗിച്ച് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉറപ്പിക്കുന്നു | ഗണിത അദ്ധ്യാപകൻ | 1 വർഷം | |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക. | – അബാക്കസ് നിർമ്മാണം<br>– സ്ഥാനവില മനസ്സിലാക്കുന്നതിനും അബാക്കസിലെ മുത്തുകൾ എണ്ണി തിട്ടപ്പെടുത്തുന്നതിനും.<br>– ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ഗണിത അദ്ധ്യാപകൻ | 1 വർഷം | |
| സമയം നോക്കാൻ അറിയുക | – ക്ലോക്ക് നിർമ്മാണം | ഗണിത അദ്ധ്യാപകൻ | 1 വർഷം | |
| ദിവസങ്ങൾ, മാസങ്ങൾ, വർഷം എന്നിവ മനസ്സിലാക്കുന്നു. | – കലണ്ടർ നിർമ്മാണം | ഗണിത അദ്ധ്യാപകൻ | 1 വർഷം | |
| കറൻസികൾ തിരിച്ചറിയുക. | – നാണയങ്ങളുടെയും രൂപങ്ങളുടെയും ശേഖരണം | | 1 വർഷം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമിക് | ഉപവിഷയം : പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | ചുമതല | നിർവഹണകാലം | ധനകാര്യ വിശകലനം |
|---|---|---|---|---|
| വീടും ചുറ്റുപാടും | – വീട്, വീട്ടിലുള്ളവർ പരിചയപ്പെടുന്നു.<br>– വീട്ടിലെ മുറികൾ, വീട്ടുപകരണങ്ങൾ എന്നിവ മനസ്സിലാക്കുന്നു.<br>– പലതരം വീടുകൾ മനസ്സിലാക്കുന്നു. | സയൻസ് അദ്ധ്യാപകൻ | 1 വർഷം | |
| വാഹനങ്ങൾ പരിചയപ്പെടുന്നു | – വിവിധ വാഹനങ്ങൾ പരിചയപ്പെടുന്നു.<br>– വാഹനങ്ങളുടെ സഞ്ചാര രീതി (കരയിൽ, വെള്ളത്തിൽ, വായുവിൽ)<br>– ട്രാഫിക് ലൈറ്റുകൾ | സയൻസ് അദ്ധ്യാപകൻ | 1 വർഷം | |
| ചെടികൾ പലതരം | – പരിസരത്തിലുള്ള പൂക്കൾ, ചെടികളുടെ ഭാഗങ്ങൾ | സയൻസ് അദ്ധ്യാപകൻ | 1 വർഷം | |
| ജന്തുക്കൾ സഞ്ചാര രീതി | – ജന്തുക്കളുടെ സഞ്ചാര രീതി വിവിധ രീതിയിലാണ് (പറക്കുന്നവ, ഇഴയുന്നവ, നടക്കുന്നവ) | സയൻസ് അദ്ധ്യാപകൻ | 1 വർഷം | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## (യു.പി. വിഭാഗം)

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## UP മലയാളം

### പൊതു ലക്ഷ്യങ്ങൾ

- ഓരോ കുട്ടിക്കും മികച്ച ശ്രവണ–സംസാര–ഭാഷ പരിശീലനം ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക.
- ശ്രവണം, സംസാരം, വായന, എഴുത്ത്, ആംഗ്യഭാഷ (ISL) എന്നീ മാർഗ്ഗങ്ങളിലൂടെ ഭാഷാപരമായ നൈപുണ്യ ഫലപ്രദമായ ഓരോ കുട്ടിയിലും വികസിപ്പിക്കുക.
- സമഗ്രഗുണമേന്മാ വിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭ്യമാക്കുക.

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | നിർവഹണ കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മികച്ച ശ്രവണഭാഷാ – സംസാര പരിശീലനം ലഭ്യമാക്കുക. | നിശ്ചിത സമയം എല്ലാ ക്ലാസിലും ശ്രവണ പരിശീലനം. | എല്ലാദിവസവും | ക്ലാസ് ടീച്ചർ | |
| 2 | പ്രത്യേക ഭാഷാ ബോധന തന്ത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി ഭാഷാ നൈപുണി വികാസം ഉറപ്പുവരുത്തുന്നു. | സംഭാഷണം, കഥപറയൽ, ആക്ടിവിറ്റി, വാർത്തകൾ, തുടങ്ങിയ ബോധന തന്ത്രങ്ങൾ നടപ്പിലാക്കുന്നു. | എല്ലാദിവസവും | ക്ലാസ് ടീച്ചർ | |
| 3 | കുട്ടികളെ പദസമ്പത്തും ഭാഷാ നൈപുണിയും വികസിപ്പിക്കുക. | ക്ലാസ് നിലവാരമനുസരിച്ച് സചിത്ര –ഡിക്ഷണറികൾ തയ്യാറാക്കൽ | എല്ലാദിവസവും | ക്ലാസ് ടീച്ചർ | |
| 4 | കുട്ടികളുടെ വായനാശീലം പരിപോഷിപ്പിക്കുക | വായനമൂല സജ്ജീകരണം ലൈബ്രറി ഉപയോഗം | എല്ലാദിവസവും | ക്ലാസ് ടീച്ചർ | |
| 5 | വായന, പദസമ്പത്ത് ഇവ മെച്ചപ്പെടുത്തുക. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ഭാഷ | അക്ഷരങ്ങൾക്കും വാക്കുകൾക്കും അനുയോജ്യമായ ചിത്രങ്ങൾ നൽകൽ, വാക്കുകളും വാചകങ്ങളും സ്വയം നിർമ്മിച്ച് . | എല്ലാദിവസവും | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | യുടെ അടിസ്ഥാന ശേഷി വികസനം. | | | | |
| 6 | ആശയസംവേദനം നടത്താനും പദ സമ്പത്ത് വർദ്ധിക്കു വാനും പ്രാപ്തരാക്കുക. | വായിക്കാനുള്ള അവസരം നൽകൽ പത്രങ്ങൾ, കഥാപുസ്തകങ്ങൾ എന്നിവ വായിക്കാൻ അവസരം നല്കുന്നു.കോപ്പിഎഴുത്ത്, നിഘണ്ടു നിർമ്മാണം ഡയറി എഴുതിക്കൽ, യാത്രാവിവരണം.<br><br>സർഗ്ഗാത്മകത<br>നോട്ടീസ്, പോസ്റ്റർ, പാഠഭാഗത്തെ സംഭവവുമായി ബന്ധപ്പെട്ട ചിത്രരചന. | | ക്ലാസ് ടീച്ചർ | |
| | അർത്ഥ പൂർണ്ണമായ വായന ഉറപ്പു വരുത്തുക. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. പത്രം , ആഴ്ചപ്പതിപ്പ്, മാസികകൾ, ഇവ വായിക്കുന്നു. നവ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ ക്കൊണ്ട് വായിപ്പിക്കുന്നു. | | | |
| | പഠിതാക്കളുടെ കലാ വാസനകൾ പരിപോഷിപ്പിക്കുന്നു. | രംഗാവിഷ്ക്കാരം പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ആവിഷ്ക്കരിച്ച് അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നല്കുന്നു. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു.പി. വിഭാഗം

മേഖല : അക്കാദമിക്

ഉപവിഷയം : ഗണിതം

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | നിർവഹണ കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
